കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വളപട്ടണം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.5 /195/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 06.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

വളപട്ടണം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വളപട്ടണം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) , 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം( എയിംസ്)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ(ഇ മെയിൽ )

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ./സി.5/195/2019 തീയതി : 06.03.2019

# കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ഗ്രാമപഞ്ചായത്ത് 01.08.17 മുതൽ 31-01-2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 24 അന്വേഷണക്കുറിപ്പുകളിൽ 23 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ ശശികുമാർ എം പി , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.19 മുതൽ 15.02.19വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ഗണേശൻ കേളോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.അന്ന അബ്രഹാം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മനോരമ.എൻ.പി | 1-4-17 മുതൽ 04.12-17 വരെ |
| | ശ്രീമതി വി കെ ലളിതാദേവി | 05.12.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.പി കെ പ്രേമൻ | 1-4-17 മുതൽ 20.04.17 വരെ |
| | | 02.05.17 മുതൽ 22.05.17 വരെ |
| | | 30.05.17 മുതൽ 13.06.17 വരെ |
| | ശ്രീമതി.രാജലക്ഷ്മി കെ.കെ. (അസിസ്റ്റന്റ് സെക്രട്ടറി,അധികചുമതല) | 21.04.17മുതൽ 01.05.17 വരെ |
| | | 23.05.17 മുതൽ 29.05.17 വരെ |
| | ശ്രീമതി ബീന ടി കെ | 14.06.17 മുതൽ 31-3-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.കെ.കെ.രാജലക്ഷ്മി | 01.04.17 | 30.05.17 |
| | | | 15.06.17 | 28.06.17 |

| | | | | |
|---|---|---|---|---|
| | | ശ്രീ ദിമിത്രോവ് | 31.05.17 | 14.06.17 |
| | | ശ്രീ അനീഷ് പോൾ | 29.06.17 | 31.08.17 |
| | | 01.09.17 ഒഴിവ് | | |
| | | ശ്രീമതി.രാഗിണി കെ കെ | 02.09.17 | 31.03.18 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.നവ്യ വേണുഗോപാൽ | 01.04.17 | 31.03.18 |
| 3 | കൃഷിഓഫീസ്സർ | സതീഷ് കുമാർ ഡി | 01.04.17 | 31.03.18 |
| 4 | വി.ഇ.ഒ | ശ്രീമതി ഐവി ഐസക് | 01.04.17 | 31.03.18 |
| 5 | വെറ്റിനറി സർജൻ | ഡോ.ദീപാ ജേക്കബ് | 01.04.17 | 09.07.17 |
| | | | 07.09.17 | 20.09.17 |
| | | | 13.11.17 | 31.03.18 |
| | | ഡോ ജോബിൻ ജോസ് | 10.07.17 | 31.07.17 |
| | | ഡോ റിൻസി തെരേസ | 01.08.17 | 06.09.17 |
| | | | 21.09.17 | 12.11.17 |
| 6 | മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.ജൂംജൂമി | 01.04.17 | 31.03.18 |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ധന്യ.കെ | 01.04.17 | 04.06.17 |
| | | | 20.06.17 | 01.08.17 |

| | | | | |
|---|---|---|---|---|
| | | | 31.08.17 | 31.03.18 |
| | | ഡോ റീജ പി വി | 05.06.17 | 19.06.17 |
| | | ഡോ സാഹിറ ബാനു സി എച്ച് | 02.08.17 | 30.08.17 |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | ആയിഷക്കുട്ടി.കെ | 01.04.17 | 31.03.18 |

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകങ്ങൾ | 1-12 |
| ഭാഗം-2വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും പരിശോധന റിപ്പോർട്ടിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്. | 2-1 |
| 14 | ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ തൊഴിൽനികുതി കൃത്യമായി ഈടാക്കുന്നില്ല | 2-2 |
| ഭാഗം-3ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | തെരുവ് വിളക്ക് എ എം സി -അനുബന്ധരജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. | 3-1 |
| 16 | വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ് | 3-2 |
| 17 | റോയൽറ്റി ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-3 |
| 18 | എൻ എച്ച് റോഡ് മുതൽ കീരിയാട് തോട് വരെ ബാക്കി ഭാഗം ഡ്രെയ്നേജ് നവീകരണവും സ്ലാബിടലും-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവു വന്നതും മറ്റ് അപാകങ്ങളും-17752രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 3-4 |
| 19 | ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ പ്രവൃത്തികൾ-ഓവർഹെഡ് ചാർജ്ജുൾപ്പെടെ നിരക്ക് നല്കിയ ശേഷം ടാക്സ് പ്രൊവിഷൻ നല്കിയതും മറ്റ് അപാകങ്ങളും 25090 | 3-5 |

| | | |
|---|---|---|
| | (1865+23255)രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | |
| 20 | വളപട്ടണം പഞ്ചായത്തിലെ പിഎച്ച് സി മെയ് ന്റനൻസും അനുബന്ധ പ്രവൃത്തികളും-അപാകങ്ങൾ- 706രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-6 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർ -പൊതു അപാകങ്ങൾ | 3-7 |
| 22 | മഴമറ നിർമ്മാണം അധിക സബ്സിഡി അനുവദിച്ചത്- 22000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 3-8 |
| 23 | കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ- അവലോകനം | 3-9 |
| 24 | ഐ എസ് ഒ സർട്ടിഫിക്കേഷൻ മുന്നൊരുക്കം -ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ- പദ്ധതി നിർവ്വഹണം സംബന്ധിച്ച് | 3-10 |
| 25 | ആശ്രയപദ്ധതി-ആഗതി കേരളം പദ്ധതി നടപ്പിലാക്കൽ ത്വരിതപ്പെടുത്തേണ്ടതും അക്കൗണ്ടിലെ നീക്കിയിരിപ്പിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. | 3-11 |
| 26 | കുടിവെള്ള കണക്ഷൻ-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ അർഹരായവർക്കും സമയബന്ധിതമായി കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടില്ല | 3-12 |
| 27 | പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-13 |
| 28 | വിവിധ കാലയളവിൽ വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 3-14 |

| | | |
|---|---|---|
| | | |
| 29 | സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ് | 3-15 |
| ഭാഗം 4 ഓഡിറ്റ് പ്രത്യവലോകനം | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് . | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം | 4-7 |
| 37 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 41 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 42 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 29.03.17 ലെ 106/17 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 12220934.00 | 90,51,890 |
| വരവ് | 117368000.00 | 6,16,08,936 |
| ആകെ | 129588934 | 7,06,60,826 |
| ചെലവ് | 123136500 | 6,20,90,000 |
| നീക്കിയിരിപ്പ് | 6252434 | 85,70,826 |

പരിഷ്കരിച്ച ബജറ്റ് 26.03.18 തീയതിയിലെ 59/18 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/07/18 | 31/05/18 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 28/06/18,29/06/18 | KSA/KNR/C5-1288/18<br>17.07.18 |

## 1-4 സാമ്പത്തിക വിശകലനം

റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുൻബാക്കി | 9852779 |
| വരവ് | 62436461 |
| ആകെ | 72289240 |
| ചെലവ് | 61768544 |
| നീക്കിബാക്കി | 10520696 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ<br>(ACR പ്രകാരം) | 0 | 4842948 | 4842948 | 4121089 | 721859 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 272833 | 272833 | 206960 | 65873 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | 0 | 1057000 | 1057000 | 934688 | 122312 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3604375 | 3604375 | 1882047 | 1722328 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 6893872 | 6893872 | 2663507 | 4230365 |
| കെ.എൽ.എസ്.ജി.ഡി.പി<br>(ACR പ്രകാരം) | 0 | 7239 | 7239 | 4039 | 3200 |

| | | | | | | |
|---|---|---|---|---|---|---|
| ദുരിതാശ്വാസനിധി | | 27727 | 19587 | 47314 | 0 | 47314 |
| എം. ജി .എൻ.ആർ. ഇ. ജി. എസ് | തൊഴിലാളികളുടെ കൂലി,മെറ്റീരിയൽ കോസ്റ്റ് മുതലായവ (വാർഷിക ധനകാര്യ പത്രികയിൽ ഇല്ല) | 0 | 53714 | 53714 | 53714 | 0 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 3174 | 126 | 3300 | 0 | 3300 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ടി എസ് സി | | 623596 | 147630 | 771226 | 706380 | 64846 |
| ഐ സി ഡി എസ് | | 252491 | 34688 | 287179 | 135093 | 152086 |
| സംസ്ഥാനാവിഷ്കൃത വിഹിതം | | | | | | |
| എംഎൽഎ ഫണ്ട് | | 1853 | 72 | 1925 | 0 | 1925 |
| വിമുക്തി | | 25000 | 12623 | 37623 | 0 | 37623 |
| കേരളോത്സവം | | 0 | 15000 | 15000 | 15000 | 0 |
| സാക്ഷരത | | 85955 | 4352 | 90307 | 0 | 90307 |
| ചലഞ്ച് ഫണ്ട് | | 0 | 85947 | 85947 | 85947 (ആശ്രയ ഫണ്ടിലേക്ക് മാറ്റിയത്) | 0 |
| ലൈബ്രറി ഗ്രാന്റ് | | 0 | 11000 | 11000 | 0 | 11000 |
| തൊഴിൽ രഹിത വേതനം | | 0 | 3600 | 3600 | 3600 | 0 |
| വിവാഹ ധനസഹായം | | 0 | 30000 | 30000 | 30000 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 13200 | 13200 | 13200 | 0 |
| വിധവാ പെൻഷൻ | | 0 | 1052000 | 1052000 | 1052000 | 0 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | | 0 | 388400 | 388400 | 388400 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 2574400 | 2574400 | 2574400 | 0 |
| 50വയസ്സിനു മുകളിലുള്ള | | 0 | 38000 | 38000 | 38000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| അവിവാഹിതകൾക്കുള്ള പെൻഷൻ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 51095 | 100000 | 151095 | 100000 | 51095 |
| | ജില്ലാ പഞ്ചായത്ത് | 0 | 200000 | 200000 | 99803 | 100197 |
| ജനറൽ പർപ്പസ് ഫണ്ട്(*) | | | 3045000 | | | |
| തനത് ഫണ്ട്(*) | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം-ഗുണഭോക്തൃവിഹിതം | | 25767 | 321491 | 347258 | 317951 | 29307 |

(*) പ്രത്യേകം എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദ വിവരങ്ങൾ ലഭ്യമല്ല

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 84 | 17629513 | 63 | 11291394 | 1 | 20 | 62 | 73.80 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 1008500 | 768508 |

| | | | | |
|---|---|---|---|---|
| വെറ്റിനറി സർജൻ | 5 | 4 | 378000 | 245000 |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | 3 | 3 | 496800 | 492763 |
| മെഡിക്കൽ ഓഫീസർ- ആയുർവേദ | 2 | 2 | 515000 | 514850 |
| വി ഇ ഒ | 4 | 3 | 1906000 | 921500 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 3 | 1466960 | 1168674 |
| സെക്രട്ടറി | 18 | 14 | 2001573 | 1248248 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 246000 | 210960 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 34 | 22 | 9610680 | 5720891 |
| ആകെ | 84 | 63 | 17629513 | 11291394 |

(സുലേഖ ചെലവു സ്റ്റേറ്റ്മെന്റ് അടിസ്ഥാനമാക്കി തയ്യാറാക്കിയത്)

1-6(1)ഗ്രാമസഭ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ പതിമൂന്ന് വാർഡുകളിലേയും ഗ്രാമസഭകൾ നാലു തവണ വീതം സമ്മേളിച്ചിട്ടുണ്ട്.ഗ്രാമസഭകളിൽ പദ്ധതി രൂപീകരണ ചർച്ചകളും അവലോകന ചർച്ചകളും നടത്തുന്നുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് , ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പേരുകൾ വായിക്കൽ തുടങ്ങിയവയും ഗ്രാമസഭകളുടെ അജണ്ടകളാണ്. ആദ്യത്തെ ഗ്രാമസഭയിൽ ഭരണ റിപ്പോർട്ട് അവതരിപ്പിക്കാത്തത് അപാകമാണ്.

1-6(2)വർക്കിംഗ് ഗ്രൂപ്പ്

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പദ്ധതി നിർദ്ദേശങ്ങളിൽ ഒതുങ്ങുന്നു എന്നാണ് മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നത്. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടില്ല. പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകളും അഞ്ചുതവണ വീതം ചേർന്നതായാണ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

1-6(3)സ്റ്റാൻഡിംഗ് കമ്മറ്റി

സ്റ്റാൻഡിംഗ് കമ്മറ്റികൾ നിർദ്ദിഷ്ട ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നുണ്ട്. ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നില്ല എന്നത് അപാകമാണ്

1-6(4) ആസൂത്രണ സമിതി

ഭരണ സമിതിയുടെ 27.01.17തീയതിയിലെ 35/17തീരുമാന പ്രകാരം രൂപീകൃതമായ പതിനഞ്ച് അംഗ ആസൂത്രണസമിതി ഓഡിറ്റ് വർഷം രണ്ടു തവണയാണ് യോഗം ചേർന്നിട്ടുള്ളത്.4/4/17 ന് ചേർന്ന ഒന്നാമത്തെ മീറ്റിംഗിന്റെ മിനട്സ് രേഖപ്പെടുത്തിയിട്ടില്ല . രണ്ടാമത്തെ യോഗം 08.03.18 തീയതിയിലാണ് ചേർന്നത്. പ്രസ്തുത യോഗത്തിൽ അടുത്ത സാമ്പത്തിക വർഷത്തെക്കുള്ള പദ്ധതി നിർദ്ദശങ്ങൾ ഉൾപ്പെടുന്ന അന്തിമ പദ്ധതരേഖയാണ് അവതരിപ്പിക്കപ്പെട്ടത്.

1-6(5)പദ്ധതിച്ചെലവ്

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച 84 പദ്ധതികളിൽ 63 എണ്ണമാണ് നടപ്പാക്കിയത്. ചെലവു ശതമാനം 64.05 മാത്രമാണ്. സുലേഖ ചെലവു പത്രികയിൽ തെരുവു വിളക്ക് എ എം സി , ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം തുടങ്ങിയ പദ്ധതികളിലെ ചെലവുകൾ ഉൾപ്പെടുത്താത്തതിനാൽ ചെലവിൽ അത്രയും തുകയുടെ കുറവുണ്ട്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3174 | 126 | 3300 | 0 | 3300 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 53714 | 53714 | 53714 | 0 |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ 53714രൂപയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.ആയത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലാണ് സൂക്ഷിക്കുന്നതെന്നാണ് അറിയിച്ചത്

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3600 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 13200 | 4 |

| | | |
|---|---|---|
| വിധവാപെൻഷൻ | 1052000 | 243 |
| വാർദ്ധക്യകാലപെൻഷൻ | 2574400 | 553 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 388400 | 91 |
| 50വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 38000 | 10 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.02.19 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6058 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ വഴി ജീവനക്കാരുടെ ചുമതലാ വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് പ്രതിമാസം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നില്ല എന്നത് അപാകമാണ്. 16/05/17,25/08/17,20/01/18 തീയതികളിലായി മൂന്നു തവണ മാത്രമാണ് ഓഡിറ്റ് വർഷം ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് ഡയറി (മാന്വൽ ) പൂർണ്ണമല്ല. പ്രിന്റഡ് കോപ്പി പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്റർ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ എല്ലാ മാസവും പരിശോധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

ടെണ്ടർ ഫോറം സെയിൽ രജിസ്റ്ററിൽ പദ്ധതിയുടെ അടങ്കൽ രേഖപ്പെടുത്തി അതിന് ആനുപാതികമായ നിരക്കിലാണോ ടെണ്ടർ ഫോറം വില ഈടാക്കുന്നതെന്ന് ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്ററിൽ തന്നെയാണ് വില്പന വിവരങ്ങളും രേഖപ്പെടുത്തുന്നത്

ബിൽഡിംഗ് പർമ്മിറ്റ് രജിസ്റ്ററിലും പർമ്മിറ്റ് അപേക്ഷകളിന്മേലുള്ള റിപ്പോർട്ടുകളിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്താത്തതും അപാകമാണ്

ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതിലേക്ക് മേൽ വിഷയങ്ങൾ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/08/18,18/09/18,19 /09/18,24/10/18 | 7/18,8/18,9/18 | 26/11/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | തീയതി രേഖപ്പെടുത്തിയിട്ടില്ല | 2012-13 മുതൽ 2016-17 വരെ | 09/02/18 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് തീയതിയിലും പരിഹരിക്കപ്പെടാത്ത അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.31.05.18 ലെ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ച വരവു ചെലവു കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | ഭരണ സമിതി അംഗീകരിച്ച കണക്കുകൾ | വാർഷിക ധനകാര്യ പത്രികയിലെ തുക(റസീറ്റ്& പേമെന്റ് സ്റ്റേറ്റ് മെന്റ് പ്രകാരം) |
|---|---|---|
| മുന്നിരിപ്പ് | 5657922 | 9852779 |
| വരവ് | 29501387 | 62436461 |
| ആകെ | 35159309 | 72289240 |
| ചെലവ് | 27969142 | 61768544 |
| നീക്കിയിരിപ്പ് | 7190167 | 10520696 |

സകർമ്മയിൽ പുതിയ തീരുമാനം രേഖപ്പെടുത്തി അപാകം പരിഹരിച്ചിട്ടുണ്ട്(തീരുമാനം നമ്പർ 16(1)തീയതി 02.11.18)

2. പഞ്ചായത്ത് നല്കിയതും മൂന്നു മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളിലെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ (Liabilities in respect of stale cheques) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

വളപട്ടണം സർവ്വീസ് സഹകരണ ബാങ്ക്,തനത് ഫണ്ട് അക്കൗണ്ട്

ട്രഷറി ടി എസ് ബി അക്കൗണ്ട്

3. പഞ്ചായത്തിന് ലഭിച്ചതും എന്നാൽ കാലാവധി കഴിഞ്ഞതുമായ ചെക്കുകൾ കലക്ഷനാകാത്തതിന് വിശദീകരണം നല്കിയിട്ടില്ല. ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

| ചെക്ക് നമ്പർ തീയതി | തുക |
|---|---|
| 110600/17.04.17 | 5107 |
| 247247/05.07.17 | 11306 |
| 247246/05.07.17 | 1185 |

3.ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ /സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ലഭിക്കുന്ന തുക ഈ ഉദ്ദേശ്യത്തിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

| ക്രമനമ്പർ | ഇനം | ഗ്രാന്റ് തുകകൾ- ബി 4 പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് / ട്രഷറി നീക്കിയിരിപ്പ് |
|---|---|---|---|
| 1 | Centrally sponsored scheme – Total sanitation Campaign | 64846<br>(B-4ഷെഡ്യൂൾ) | 707971 |
| 2 | Panchayath Distress Relief Fund | 47314(ബി-2 ഷെഡ്യൂൾ) | 43814 |

4.ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ,സംയുക്ത പ്രോജക്ടിനുള്ള തുകകൾ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.തൻവർഷ വസ്തു നികുതി ഡിമാന്റ് , കലക്ഷൻ , ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല

| ഡിമാന്റ് -വാർഷിക ധനകാര്യ പത്രിക പ്രകാരം, ഐ-1 | ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | കലക്ഷൻ വാർഷിക ധനകാര്യ പത്രിക പ്രകാരം | 2017-18 ലേക്ക് ക്രമീകരിച്ചത് - എ എഫ് എസ് പ്രകാരം | കലക്ഷൻ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 2017-18 ലേക്ക് ക്രമീകരിച്ചത് - എ എഫ് എസ് പ്രകാരം | ബാലൻസ് -വാർഷിക ധന കാര്യ പത്രിക പ്രകാരം | ബാലൻസ് - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 2008703 | 2008703 | 677646-939516 = 1617162 | 93930 | 1570443 | 467878 | - | - |

6 വസ്തു നികുതി കുടിശിക ഡിമാന്റ് , കലക്ഷൻ , ബാലൻസ് - പൊരുത്തപ്പെടുന്നില്ല

| ഡിമാന്റ് -വാർഷിക ധനകാര്യ പത്രിക പ്രകാരം ബി-15, 2016-17 | ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | കലക്ഷൻ വാർഷിക ധനകാര്യ പത്രിക പ്രകാരം ആർ പി 43 | 2017-18 ലേക്ക് ക്രമീ കരിച്ചത് - എ എഫ് എസ് പ്രകാരം | കലക്ഷൻ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | 2017-18 ൽ ബാലൻ സായി വരേണ്ടി യിരുന്നത് | ബാലൻസ് - വാർഷിക ധനകാര്യ പത്രിക പ്രകാരം B-15, 2017-18 | ബാലൻസ് - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|---|---|---|---|---|
| 1111213 | 590295 | 100169+ 432724= 532893 | 0 | 590295 | 578320 | 0 | 0 |

7.തൊഴിൽ നികുതി - ട്രെയ്ഡേഴ്സ് ,വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിമാന്റ് 330070രൂപയും(ഐ-1) രജിസ്റ്റർ പ്രകാരം 333820രൂപയുമാണ്. കലക്ഷൻ 328270രൂപ(175050+153220അഡ്വാൻസ് കലക്ഷൻ2016-17) ഡിമാന്റിലും കലക്ഷനിലും വന്ന വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

8.സർവ്വീസ് സെസ്സ്-വസ്തു നികുതി, ഐ-1 പ്രകാരം 202014രൂപയും ആർപി 43 പ്രകാരം 212817രൂപയുമാണ്. ഡിമാന്റിനേക്കാൾ കൂടുതൽ കലക്ഷൻ വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല

9 .മുൻവർഷത്തേതുൾപ്പെടെ ആസ്തിയുടെ മൂല്യം കണക്കാക്കി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

10. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്റ്റ് നമ്പർ 78/2018 റിംഗ് കമ്പോസ്റ്റ് എന്ന പ്രോജക്ടിൽ പ്രോജക്റ്റ് രജിസ്റ്റർ പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് (ടി എസ് സി) 643125രൂപയും ഗുണഭോക്തൃവിഹിതം 85750രൂപയുമാണ്. എന്നാൽ എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഇവ യഥാക്രമം 793800രൂപയും 105840രൂപയുമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

11.എം എൻ ആർ ഇ ജി എസ് തൊഴിലാളികളുടെ കൂലിച്ചെലവിനത്തിൽ അവരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട 53714രൂപ ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

12. മണൽ വാരൽ കൂലിയിനത്തിൽ അഴീക്കൽ പോർട്ടിൽ നിന്ന് ലഭിച്ച തുകയുടെ വരവിനേക്കാൾ കൂടുതലായി ചെലവു ചെയ്തതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

13. സുലേഖ ചെലവു പത്രികയിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനമിനത്തിലുള്ള ചെലവും തെരുവു വിളക്ക് റിപ്പയർ, എ എം സി നല്കിയ ഇനത്തിലുള്ള ചെലവും രേഖപ്പെടുത്തിയിട്ടില്ല

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പെർമിറ്റ് രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും പരിശോധന റിപ്പോർട്ടുകളിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്.

കെട്ടിടനിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1)ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും ക്രമത്തിലും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടനിർമ്മാണം പൂർത്തിയായ തീയതി(ക്രമനം16),വസ്തുനികുതി അസസ്സമെന്റ് നമ്പർ (ക്രമനമ്പർ 20) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(2).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും, എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.എന്നാൽ എല്ലാ പരിശോധന റിപ്പോർട്ടുകളിലും ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

| ക്രമനം | അപേക്ഷകന്റെ പേര് | പരിശോധന റിപ്പോർട്ടിലെ അപാകതകൾ |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീമതി എ സാജിന(എ3/5061/2017) | ആവശ്യമായ എഫ് എ ആർ ,കവറേജ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 2 | കുറുവൻകണ്ടി പുതിയപുരയിൽ സൈനൽ ആബിദ് | ആവശ്യമായ എഫ് എ ആർ ,കവറേജ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല |

നിർദ്ദിഷ്ട നിർമ്മാണം, കെട്ടിടനിർമ്മാണ ചട്ടങ്ങളും മറ്റ് അനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം രേഖപ്പെടുത്തുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി അപേക്ഷയിൽ തന്നെ 'നിർമ്മാണം കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്ന് മാത്രമാണ് രേഖപ്പെടുത്തുന്നത്. ആവശ്യമായ കവറേജ്, എഫ് എ ആർ എന്നിവ പരിശോധന റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നില്ല.

## 2-2 ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ തൊഴിൽനികുതി കൃത്യമായി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

2017-18 വർഷത്തെ പബ്ലിക്ക് വർക്ക് എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കോൺട്രാക്ടർമാർ ഗ്രാമപഞ്ചായത്തിലെ കരാർ പ്രവൃത്തികൾ എറ്റെടുത്തു നടത്തിയിട്ടുണ്ട്.

| ക്രമ നം | പേര് | ജോലി |
|---|---|---|
| 1 | സിദ്ധിക് കെ | കോൺട്രാക്ടർ |
| 2 | എം.രഞ്ജിത്ത് | കോൺട്രാക്ടർ |
| 3 | മഹേന്ദ്രൻ കെ. | പി.ഡബ്യൃ.ഡി. കോൺട്രാക്ടർ |
| 4 | ഷാമെൽ ഇ. | കോൺട്രാക്ടർ |
| 5 | രഞ്ജിത്ത് പി.വി. | കോൺട്രാക്ടർ |

| | | |
|---|---|---|
| 6 | വിജേഷ് സി. | പി.ഡബ്യൂ.ഡി. കോൺട്രാക്ടർ |
| 7 | എം.കെ.മുഹമ്മദ് കുഞ്ഞി | പി.ഡബ്യൂ.ഡി. കോൺട്രാക്ടർ |
| 8 | മുഹമ്മദ് അനാസ് | കോൺട്രാക്ടർ |

പ്രസ്തുത കരാറുകാരിൽ നിന്നും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.തൊഴിൽ നികുതി കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തുപരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്ക് എ എം സി -അനുബന്ധ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് എ എം സി |
| പ്രോജക്ട് നമ്പർ | 82/2018 |
| അടങ്കൽ | 150000 രൂപ |
| ചെലവ് | 38/2017-18 തീയതി 27-03-2018 102050രൂപ<br>08/2017-18 തീയതി 16-08-2017 46350രൂപ |

മേൽ പദ്ധതിക്ക് ശ്രീ എ പ്രകാശനാണ് കരാർ നൽകിയിട്ടുള്ളത്. ടിയാന്റെ അക്കൗണ്ട് നമ്പർ 10643279690 ലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രകാശൻ അരിച്ചേരി 2017 ഏപ്രിൽ മുതൽ 12-12-2017 ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാത്ത 219 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായി ഗ്രാമപഞ്ചായത്ത് അംഗങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.ആയത് പ്രകാരം റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ഇനം | എണ്ണം | നൽകിയ |
|---|---|---|---|

| | | | |
|---|---|---|---|
| | | | തുക |
| 1 | സി എഫ് എൽ സ്ട്രീറ്റ് ലൈറ്റ് | 100(@450) | 45000 |
| 2 | 40 വാട്ട് 80 വാട്ട് സിംഗിൾ ഡബിൾ ട്യൂബ് സെറ്റ് | 114(@450) | 51300 |
| 3 | 150,250 വാട്ട് സോഡിയം വേപ്പർ ലാമ്പ് റിപ്പയർ ചെയ്ത് പുനസ്ഥാപിച്ചത് | 5(@1150) | 5750 |
| | | | 102050 |

ജനുവവരി 2017 മുതൽ 2018 മാർച്ച് വരെ 103 തെരുവ് വിളക്കുകൾ കേടുപാട് തീർത്ത് പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം

| ക്രമനം | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | സി എഫ് എൽ സ്ട്രീറ്റ് ലൈറ്റ് | 34@450 | 15300 |
| 2 | 40 വാട്ട് 80 വാട്ട് സിംഗിൾ ഡബിൾ ട്യൂബ് സെറ്റ് | 69@450 | 31050 |
| | | | 46350 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്

1) പ്രോജക്ടിന്റെ ഭാഗമായി 322 ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കി എന്നാണ് കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കരാറുകാരൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) തെരുവു വിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഇക്കാര്യം എക്സിറ്റ് മീറ്റിംഗിൽ പരാമർശിച്ചപ്പോൾ പൊതുജനങ്ങൾ വാർഡുമെമ്പർമാരെ വിളിച്ച് പരാതി നല്കുന്ന മുറയ്ക്ക് തെരുവു വിളക്കുകൾ ശരിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നതെന്നും ഗ്രാമപഞ്ചായത്തിൽ പരാതി രജിസ്റ്റർ ചെയ്യാൻ ആളുകൾ എത്താറില്ലെന്നുമാണ് അറിയിച്ചത്.

തുടർവർഷങ്ങളിൽ എ എം സി മുഖേന കരാറുകൾ നൽകുമ്പോൾ റിപ്പയർ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.കൂടാതെ ഇത് സംബന്ധിച്ച് പരാതി രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

## 3-2 വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്ത് വക KL13R-3660 നമ്പറിലുള്ള ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

1.ജി.ഒ.(എം.എസ്.)170/07/ത.സ്വ.ഭ.വ./30.06.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന എല്ലാവർഷവും കൃത്യസമയത്ത് സർക്കാരിന്റെ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. മൈലേജ് ടെസ്റ്റ് നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല.

2.വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വർഷവും ഓഡിറ്റ് തീയതി വരെയും സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.ഓരോ യാത്രയും ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്ത ആൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ പല ദിവസങ്ങളിലെയും യാത്രകൾ ബന്ധപ്പെട്ട വ്യക്തികൾ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: 10.07.2017 ലെ യാത്ര, 14.09.2017 ലെ യാത്ര, 08.07.2017 ലെ AE-യുടെ യാത്ര, 17.07.2017 ലെ സെക്രട്ടറിയുടെ യാത്ര മുതലായവ.

4.ഓരോ മാസത്തെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ അതാത് മാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5.ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ല. ഇന്ധനം നിറയ്ക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.- മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളുടെയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കണം. എന്നാൽ പഞ്ചായത്ത് വാഹനത്തിന്റെ ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കുന്നില്ലെന്ന് മാത്രമല്ല, ഇന്ധനം നിറയ്ക്കുന്നത് കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നുമില്ല.

വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## **3-3** റോയൽറ്റി ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വളപട്ടണം പുഴയിൽ നിന്നും പൂഴി മാന്വൽ ഡ്രഡ്ജിംഗ് നടത്തിയിരുന്നത് ബഹു ഹൈക്കോടതിയുടെ 10-09-2012 ലെ wp(c) 19713/12 നമ്പർ ഉത്തരവ് പ്രകാരം

നിർത്തിവെക്കാൻ ആവശ്യപ്പെട്ടതിന് മുമ്പ് 2012 സെപ്റ്റംബർ മാസം അനുവദിച്ചുതന്നിരുന്ന 2000 ടൺ മണലിൽ 176 ടൺ മണൽ മാത്രമേ പഞ്ചായത്തിന് നീക്കി വില്പന നടത്താൻ സാധിച്ചിട്ടുള്ളുവെന്നും ബാക്കി 1824 ടൺ മണലിന്റെ റോയൽറ്റി 204552 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ടെന്നും സെക്രട്ടറിയുടെ 15-03-2014 തീയതിയിലെ എ1/2699/12 നമ്പർ കത്ത് മുഖേന സീനിയർ പോർട്ട് കൺസർവേറ്റർ,തുറമുഖ ഓഫീസ് ,അഴീക്കലിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിച്ചതു സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 1/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച സാംഖ്യ ലഡ്ജർ പരിശോധിച്ചതിൽ റോയൽറ്റി ഇനത്തിൽ തുക തിരികെ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.
തുക തിരികെ ലഭിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. റോയൽറ്റിക്കു പുറമേ റിവർ മാനേജ് ഫണ്ട് പോലെ മറ്റേതെങ്കിലും തുകയും ഒടുക്കിയിട്ടുണ്ടോ എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ള തുക ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-4 എൻ എച്ച് റോഡ് മുതൽ കീരിയാട് തോട് വരെ ബാക്കി ഭാഗം ഡ്രെയ്നേജ് നവീകരണവും സ്ലാബിടലും-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ പിഴവു വന്നതും മറ്റ് അപാകങ്ങളും-17752രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

പ്രോജക്ട് നമ്പർ 19/18

അടങ്കൽ 412988- ഫിനാൻസ് കമ്മീഷൻ അവാർഡ്

ചെലവ്

ബിൽ നമ്പർ 21/06.03.18 366718രൂപ

എം ബുക്ക് നമ്പർ 32/16-17

കരാറുകാരൻ ശ്രീ മഹേന്ദ്രൻ കെ

1.പ്രസ്തുത പ്രവൃത്തിയുടെ ഇനം 3 ന് (പേജ് 17)കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് 7119.49/ക്യൂമീ ഉം നല്കിയ നിരക്ക് 7739.42/ക്യൂ മീ ഉം ആണ്. അധികം നല്കിയ തുക(1.33*(7739.4-7119.49)=824രൂപ തിരിച്ചടക്കേണ്ടതാണ്

2.ഇനം നാല് (5.2.2)RCC walls of any thickness including attached pilasters , buttresses , plinth and string course... upto floor five level excluding cost of centering and shuttering .....

ഇവിടെ ഫ്ലോർ 5 വരെയുള്ള നിരക്ക്(10088.44/ക്യൂ മീ) എടുത്തത് ശരിയല്ല. ഡ്രെയിൻ സൈഡ് വോൾ നിർമ്മിക്കാൻ upto plinth വരുന്ന 5.1.2 എടുക്കാതെ ഈ ഇനം എടുത്തതിനാൽ നഷ്ടം ഉണ്ടായിട്ടുണ്ട്. കരാറുകാരൻ 5.1.2 ചെയ്യുന്നതിന് ക്വാട്ട് ചെയ്ത നിരക്ക് (ഇനം 5) 8071.2/ഘമീ ഉം ഇനം 4 ന് ക്വാട്ട് ചെയ്ത നിരക്ക് 9280.35/ഘ മീ ഉം ആണ്. അധികം നല്കിയ തുക

14*(9280.35-8071.2)=16928 രൂപ തിരിച്ചടക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കിയ പ്രവൃത്തികൾ- ഓവർഹെഡ് ചാർജ്ജുൾപ്പെടെ നിരക്ക് നല്കിയ ശേഷം ടാക്സ് പ്രൊവിഷൻ നല്കിയതും മറ്റ് അപാകങ്ങളും -25090(1835+23255)രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

1.കീരിയാട് ലക്ഷം വീട് കോളനി കിണർ പുനരുദ്ധാരണം

പ്രോജക്ട് നമ്പർ 70/18

അടങ്കൽ 33000(വികസന ഫണ്ട് - ജനറൽ)

ചെലവ്

ബിൽ നമ്പർ 5/01.07.17 32411രൂപ

കൺവീനർ ശ്രീ എം പി അബ്ദുൾറഷീദ്

7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെയാണ് പ്രസ്തുത പ്രവൃത്തിയുടെ ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. ജി.ഒ.(പി) 30/2016 ഫിൻ തീയതി 29.02.16 ഉത്തരവിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ പ്രകാരം നടത്തുന്ന ഗുണഭോക്തൃസമിതികൾ വഴിയുള്ള പ്രവൃത്തികളിൽ നികുതികൾ ഒടുക്കേണ്ടത് സമിതികളുടെ ബാധ്യതയായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ആകെ പ്രവൃത്തി മൂല്യമായ 30576രൂപയോടൊപ്പം ടാക്സ് പ്രൊവിഷനായി (6%) 1835രൂപ കൂട്ടിയാണ് പദ്ധതിച്ചെലവ് കണക്കാക്കിയിട്ടുള്ളത്. കൺവീനർക്ക് അധികമായി നല്കിയ 1835രൂപ തിരിച്ചടക്കേണ്ടതാണ്

2. താഴെപ്പടിക്കൽ ഇല്ലം മുതൽ അമ്പലക്കുളം വരെയുള്ള റോഡ് ഹെവി ഇന്റർലോക്ക് ചെയ്യലും ബാക്കിഭാഗം ഫുട്പാത്ത് നവീകരണവും

പ്രോജക്ട് നമ്പർ 69/18

അടങ്കൽ 300000(105510രൂപ- വികസന ഫണ്ട് , 194490രൂപ - ഫിനാൻസ് കമ്മീഷൻ അവാർഡ്)

ചെലവ്

ബിൽ നമ്പർ 6/01.07.17 192459രൂപ

ബിൽ നമ്പർ 7/01.07.17 105510രൂപ

ആകെ 297969രൂപ

പ്രസ്തുത പ്രവൃത്തിയുടെ ഇന്റർ ലോക്കിംഗ് പ്രവൃത്തി മുഴുവനായും രാജീവ് കെ പി എന്നയാളെ ക്വട്ടേഷൻ നടപടി പ്രകാരം ഏൽപ്പിക്കുകയാണ് ചെയ്തത്. ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്ന പ്രവൃത്തി എന്ന നിലയിൽ സമിതിയുടെ മേൽ നോട്ടത്തിൽ സാധനങ്ങൾ സംഭരിച്ച് ജോലി ചെയ്യിപ്പിക്കുകയായിരുന്നു വേണ്ടിയിരുന്നതെങ്കിലും ഈ രീതിയിൽ ചെയ്തത് ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കേണ്ട പ്രവൃത്തികളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്

ഗുണഭോക്തൃസമിതി മിനുട്സും ചെലവു രേഖകളും ബാങ്ക് പാസ് ബുക്കും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

10% ഓവർഹെഡ് ചാർജ്ജുൾപ്പെടെയുള്ള നിരക്കാണ് കൺവീനർക്ക് അനുവദിച്ചതെന്നതിനാൽ ടാക്സ് പ്രൊവിഷൻ അനുവദനീയമല്ല. ഈയിനത്തിൽ കൺവീനർക്ക് അധികമായി അനുവദിക്കപ്പെട്ട 16866രൂപ തിരിച്ചടക്കേണ്ടതാണ്.കൂടാതെ മേൽപ്പറഞ്ഞ ഉത്തരവു പ്രകാരം ഗുണഭോക്തൃസമിതികൾ വഴിയുള്ള പ്രവൃത്തികൾക്ക് അനുവദനീയമായ ഓവർഹെഡ് ചാർജ്ജ് 7.5% മാത്രമാണെന്നിരിക്കെ 10% ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിലൂടെയും കൺവീനർക്ക് അധിക തുക ലഭിച്ചിട്ടുണ്ട്

ആകെ പ്രവൃത്തിമൂല്യം(10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടെ) 281103രൂപ

ഓവർഹെഡ് ചാർജ്ജ് ഒഴിവാക്കിയാൽ പ്രവൃത്തിമൂല്യം = 255548രൂപ

7.5% ഓവർഹെഡ് ചാർജ്ജുൾപ്പെടെ പ്രവൃത്തിമൂല്യം 255548+7.5%of 255548

=255548+19166

=274714

അധികം നല്കിയ തുക (2.5%) =281103-274714=6389രൂപ

ആകെ അധികം നല്കിയത് =16866+6389= 23255രൂപ

23255രൂപ തിരിച്ചടക്കേണ്ടതാണ്.

## 3-6 വളപട്ടണം പഞ്ചായത്തിലെ പിഎച്ച് സി മെയ് ന്റനൻസും അനുബന്ധ പ്രവൃത്തികളും-അപാകങ്ങൾ- 706രൂപയുടെ ചെലവ് നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ 58/18

അടങ്കൽ 850000(സംരക്ഷണ ഗ്രാന്റ് -റോഡിതരം)

ചെലവ്

ബിൽ നമ്പർ 9/01.07.17 469706രൂപ

ബിൽ നമ്പർ 17/13.01.18 140813രൂപ

ആകെ 610519രൂപ

കരാറുകാരൻഃ ശ്രീ ഇ പി ചന്ദ്രൻ

1.ജൂലൈ ഒന്നിനു നല്കിയ പേമെന്റിൽ ഉൾപ്പെട്ട ഭാഗം പൊളിച്ചു മാറ്റിയതായും ആയത്. പരിഹരിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ മെഡിക്കൽ ഓഫീസർക്ക് നല്കിയ കത്തിന്റെ പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ചു നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത ഭാഗം പുനസ്ഥാപിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി . പദ്ധതികൾ രൂപീകരിക്കുമ്പോൾ മറ്റു സ്കീമുകൾ പ്രകാരം ഇതേ സൈറ്റിൽ പദ്ധതി നടപ്പാക്കുന്നുണ്ടെന്നതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ഒരേ സൈറ്റിൽ ഒരേ സമയത്ത് രണ്ട് ഏജൻസികൾ മുഖേന രണ്ടു പദ്ധതികൾ നടപ്പാക്കാനിടയായത് അപാകമാണ്

2.ഇനം 21 ന്റെ അളവ് രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്

101.54ച മീ എന്ന് എം ബുക്ക് നമ്പർ 28/16-17 പേജ് 36 ൽ അളവു രേഖപ്പെടുത്തി 109.84 ചമീ ന്റെ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്(പേജ് 31 എം ബുക്ക് 20/16-17)@85/ച.മീ . ഇതുമൂലം കോൺട്രാക്ടർക്ക് 8.3x85=705.5രൂപ അധികം നല്കാനിടയായിട്ടുണ്ട് .തുക തിരിച്ചു പിടിക്കേണ്ടതാണ്

## 3-7 അസിസ്റ്റന്റ് എഞ്ചിനീയർ -പൊതു അപാകങ്ങൾ

1.പ്രവൃത്തികളുടെ ഫയലുകളിലൊന്നും തന്നെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

2.കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച പുതിയ മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. പഴയ രീതിയിൽ തന്നെയാണ് ഇപ്പോഴും വ്യവസ്ഥകൾ രേഖപ്പെടുത്തുന്നത്

3. ടെണ്ടറുകൾ തുറന്ന ശേഷം സാക്ഷ്യപ്പെടുത്തിയത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടറുകൾ പരിശോധിച്ചതായി രേഖപ്പെടുത്തലില്ല

4.എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

5.പ്രവൃത്തികൾ വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിംഗ് സമിതി വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

6.ഒഴിഞ്ഞ ബാരൽ വിലയിനത്തിൽ കരാറുകാരിൽ നിന്ന് തിരിച്ചു പിടിച്ച തുക അതാത്

ഫണ്ടുകളിലേക്ക് തിരിച്ചടക്കാതെ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കാണ് വകമാറ്റിയത്

7.ഇ ടെണ്ടർ- ടെണ്ടർ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട തുക കണക്കാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

8. 2016-17 ൽ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ തുറന്ന് സാക്ഷ്യപ്പെടുത്തിയത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഇത് ചെയ്യേണ്ടിയിരുന്നത്

## 3-8 മഴമറ നിർമ്മാണം അധിക സബ്സിഡി അനുവദിച്ചത്- 22000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പ്രോജക്ട് നമ്പർ 72/18

അടങ്കൽ

120000രൂപ , [60000രൂപ- വികസന ഫണ്ട് (ജനറൽ),60000- ഗുണഭോക്തൃവിഹിതം( നേരിട്ട്)]

ചെലവ്

ബിൽ നമ്പർ 11/17-18 13.03.18 55000രൂ

സ ഉ ( എം എസ് ) നമ്പർ 80/17 തസ്വഭവ, തീയതി 03.04.17 പ്രകാരം പുറപ്പെടുവിച്ച പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 8.1(21) പ്രകാരം 100ച മീ മഴമറ നിർമ്മിക്കാൻ ജനറൽ വിഭാഗത്തിന് പരമാവധി 30000രൂപയാണ് അനുവദനീയമായ സബ്സിഡി. ചുരുങ്ങിയത് 10ചമീ ഉം അതിന്റെ ഗുണിതങ്ങളുമായി പരമാവധി 100ചമീ ഉം കുറഞ്ഞ വിസ്തീർണ്ണത്തിന് ആനുപാതിക നിരക്കിലും നല്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

100ചതുരശ്ര മീറ്ററിന് കൃഷി വകുപ്പിൽ നിലവിലുള്ള 50000രൂപ സബ്സിഡി നിരക്കിനും സ്പെസിഫിക്കേഷനും യൂനിറ്റ് കോസ്റ്റിനുമനുസരിച്ച് സ്ഥലവിസ്തൃതിക്ക് ആനുപാതികമായി നല്കണം എന്നും മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്.

അതു പ്രകാരം ജനറൽ വിഭാഗത്തിന് 10 ചമീ ന് 3000രൂപ സബ്സിഡിക്കാണ് അർഹതയുള്ളത്(എസ് സി , എസ് ടി വിഭാഗങ്ങൾക്ക് 5000രൂപ) എന്നിരിക്കെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധിക നിരക്കിൽ സബ്സിഡി നല്കിയിട്ടുണ്ട്

| ക്രമനമ്പർ | പേര് | വിസ്തീർണ്ണം | അർഹമായ സബ്സിഡി | നല്കിയ സബ്സിഡി |
|---|---|---|---|---|
| 1 | ജസീല എസ് വി | 40ചമീ | 12000 | 20000രൂ |

| | | | | |
|---|---|---|---|---|
| 2 | രുഗ്മിണി വാസുദേവൻ | 32ചമീ | 9000 | 16000രൂ |
| 3 | നസീറ ഇ | 39ചമീ | 12000 | 19500രൂ |
| | | ആകെ | 33000 | 55000രൂപ |

22000രൂപയുടെ(55000-33000) ചെലവ് തടസത്തിൽ വെക്കുന്നു.

## 3-9 കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ- അവലോകനം

2009 ൽ തയ്യാറാക്കപ്പെട്ട നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഇരുപത്തി അഞ്ച് സെന്റിൽ കുറഞ്ഞ കൈവശ ഭൂമിയുള്ളവരാണ് ഭൂരിഭാഗം കുടുംബങ്ങളും. ആകെയുള്ള 204 ഹെക്ടർ ഭൂമിയുടെ തരംതിരിവ് താഴെ പറയും പ്രകാരമാണ്

പുരയിടം 80.02 ഹെക്ടർ

നിലം 40.9ഹെക്ടർ

പുറമ്പോക്ക് 72ഹെക്ടർ

തരിശ് 11.8ഹെക്ടർ

കൃഷിയോഗ്യമായ തരിശു ഭൂമി ഏഴ ഹെക്ടറാണെന്നും പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികൾ താഴെപറയുന്നവയാണ്

1.തെങ്ങിന് ജൈവവളം , രാസവളം , കുമ്മായം വിതരണം

പ്രോജക്ട് നമ്പർ 23/18

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 691 തെങ്ങുകൾക്ക് മൂന്നു കിഗ്രാം വീതം കടലപ്പിണ്ണാക്കും വേപ്പിൻ പിണ്ണാക്കും ഒരു കിഗ്രാം വീതം കുമ്മായവും പൊട്ടാഷും അര കി ഗ്രാം മെഗ്നീഷ്യം സൾഫേറ്റും വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ഇടവിള കൃഷിയുടെ ഭാഗമായി പച്ചില വളം ഉല്പാദിപ്പിക്കുന്നതിനായി പയർവിത്തും വിതരണം ചെയ്തിട്ടുണ്ട്. (തെങ്ങിൻ തടത്തിൽ പാകി ചെടികൾ വളമാക്കുന്നതിന്).

തെങ്ങിന് വളം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകളിൽ എത്ര തെങ്ങുകൾക്കാണ് ആനുകൂല്യം വേണ്ടത് എന്ന് രേഖപ്പെടുത്താത്തത് അപാകമാണ്. വലിയ തെങ്ങുകളും തെങ്ങിൻ തൈകളും എത്രയെണ്ണം വീതം ഉണ്ട് എന്ന് രേഖപ്പെടുത്താൻ കഴിയുന്ന രീതിയിൽ അപേക്ഷാ ഫോമിൽ മാറ്റം വരുത്തേണ്ടതുണ്ട്

2.രോഗം ബാധിച്ച തെങ്ങ് മുറിച്ചു മാറ്റി പുതിയ തെങ്ങിൻ തൈകൾ നടൽ (പ്രോജക്ട് നമ്പർ 28/18പ്രസ്തുത പദ്ധതിയുടെ ഭാഗമായി 60 തെങ്ങുകൾ മുറിച്ചു മാറ്റി 59 തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിന് തെങ്ങിൻ തൈ വിതരണം ചെയ്തിട്ടില്ലെങ്കിലും ടിയാൾ നേരിട്ട് വാങ്ങി തൈ നട്ടിട്ടുണ്ടെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3.ഗ്രോബാഗ് , മൺചട്ടി പച്ചക്കറിക്കൃഷി , പ്രോജക്ട് നമ്പർ 55/18

74 ഗുണഭോക്താക്കൾക്ക് 25 വീതം ചെടിച്ചട്ടികളോ ഗ്രോബാഗോ ആയിട്ടാണ് (പോട്ടിംഗ് മിശ്രിതം നിറച്ച് ചെടികൾ നട്ടത്) വിതരണം ചെയ്തിട്ടുള്ളത്. ഉല്പാദന വർധനവ് വിലയിരുത്തിയതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

4.ഫലപുഷ്പ ഔഷധ സസ്യ കൃഷി വികസനം

പ്രോജക്ട് നമ്പർ 71/18

സ ഉ ( എം എസ് ) നമ്പർ 80/17 തസ്വഭവ, തീയതി 03.04.17 പ്രകാരം പുറപ്പെടുവിച്ച പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 8.1(4) പ്രകാരം കർഷകർ നിർദ്ദിഷ്ട വിത്തുകളും തൈകളും ഉപയോഗിച്ച് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുഷ്പ കൃഷി നടത്തുന്നതിന് 56 വീതം റോസ് (@65),ജാസ്മിൻ (@20),മെലസ്റ്റോമ(@25), ഇക്സോറ(@25) എന്നിവ വാങ്ങിയിട്ടുണ്ട്. 56 ഗുണഭോക്താക്കൾക്ക് ഒരു ചെടി വീതമാണ് വിതരണം ചെയ്തിട്ടുള്ളത്. പുഷ്പക്കൃഷി എന്ന ഉദ്ദേശ്യം ഇതിലൂടെ നടക്കുകയില്ല എന്ന് വ്യക്തമാണ്. ഇത്തരത്തിൽ ചെടികൾ വിതരണം ചെയ്തത് ശരിയായ നടപടിയല്ല

5.ഇടവിള കൃഷി വ്യാപനം

പ്രോജക്ട് നമ്പർ 42/18

200 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി താഴെ പറയും പ്രകാരം വിത്തുകളും തൈകളും വാങ്ങിയിട്ടുണ്ട്

10കി ഗ്രാം വിവിധ പച്ചക്കറി വിത്തുകൾ, 13.8 കി ഗ്രാം പയർ വിത്ത്, 3334വീതം വഴുതന, പച്ചമുളക് തൈകൾ, 3332 തക്കാളിത്തൈകൾ,1500 ടിഷ്യൂ കൾച്ചർ വാഴത്തൈകൾ,ട്യൂബർ ക്രോപ്പ്സ്

വിത്തുകളും തൈകളും വിതരണം ചെയ്തത് താഴെ പറയും പ്രകാരമാണ്

| | | |
|---|---|---|
| വാഴത്തൈകൾ | 100പേർക്ക്*7+100*8 | 1500എണ്ണം |
| തക്കാളിത്തൈകൾ | 68*16+132*17 | 3332എണ്ണം |
| പച്ചമുളക് തൈകൾ | 66*16+134*17 | 3334എണ്ണം |
| വഴുതന തൈകൾ | 66*16+134*17 | 3334എണ്ണം |
| സീഡ് കിറ്റ് | 200*1 | 200കിറ്റ് |
| ട്യൂബർക്രോപ്പ് കിറ്റ് | 200*1 | 200കിറ്റ് |
| പയർ വിത്ത് കിറ്റ് | 200*1 | 200കിറ്റ് |

ഇതിൽ 13.8കി ഗ്രാം പയർ വിത്ത് തെങ്ങിൻ തടത്തിൽ പാകി പച്ചില വളമാക്കി മാറ്റുന്നതിന് വേണ്ടി നല്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്(ഒരാൾക്ക് 65ഗ്രാം വീതം). വിത്തുകളുടെയും തൈകളുടെയും വിതരണം നടത്തിയിട്ടുള്ളത് ഭൂവിസ്തൃതിക്കും തെങ്ങുകളുടെ എണ്ണത്തിനും ആനുപാതികമായല്ലാതെ എല്ലാവർക്കും ഏതാണ്ട് ഒരേ രീതിയിലാണ് എന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാകുന്നതാണ്. അഞ്ചുമുതൽ ഇരുപത്തി അഞ്ച് വരെ സെന്റ് കൈവശ ഭൂമിയുള്ള ഗുണഭോക്താക്കൾ ഇതിൽ ഉൾപ്പെടുന്നുണ്ട്.
ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ഭൂവിസ്തൃതിക്ക് ആനുപാതികമായ നിരക്കിൽ വിത്തുകളും തൈകളും വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.
ഉല്പാദന വർധനവ് സംബന്ധിച്ച വിലയിരുത്തൽ നടത്താത്തതും അപാകമാണ്

കാർഷിക മേഖലയിലെ പദ്ധതികൾ തയ്യാറാക്കുമ്പോൾ കൃഷിഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി(ടെറസ് കൃഷിയുടെയും ഗ്രോബാഗ് കൃഷിയുടെയും സാധ്യതകൾ കൂടി പരിഗണിച്ച്) വിത്തുകളും തൈകളും വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-10 ഐ എസ് ഒ സർട്ടിഫിക്കേഷൻ മുന്നൊരുക്കം -ഗ്രാമപഞ്ചായത്ത് അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ- പദ്ധതി നിർവ്വഹണം സംബന്ധിച്ച്

പ്രോജക്ട് നമ്പർ 75/2017,39/2018(സ്പിൽ ഓവർ)

അടങ്കൽ 1030000രൂപ(373902-വികസന ഫണ്ട്,ജനറൽ,581698-ലോകബാങ്ക് ധനസഹായം, 74400- തനതു ഫണ്ട്)

ചെലവ്

2016-17 933500രൂപ

2017-18 75000രൂപ (വൗച്ചർ നമ്പർ 21700378/16.09.17, 2170096/7.9.17 18061, 21700797/8.9.17 4039)

ഗ്രാമപഞ്ചായത്ത് ഓഫീസിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിലേക്കും പ്രസിഡണ്ട് , വൈസ് പ്രസിഡണ്ട് , സെക്രട്ടറി എന്നിവർക്ക് ക്യാബിൻ സൗകര്യം ഒരുക്കാനും ജീവനക്കാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കുമായി 2016-17 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണിത്. മാടായി വുഡ്സ് & ബോർഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതിയുടെ 02/03/2017 ലെ 73/17 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കുകയും ചെയ്തു.

1. 1030000രൂപ അടങ്കൽ നിശ്ചയിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഇ ടെണ്ടർ ക്ഷണിച്ചിട്ടില്ല. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇടെണ്ടർ മുഖേന നടപ്പിലാക്കണമെന്ന നിബന്ധന പാലിക്കാത്തതിന് വിശദീകരണമായി ഇ ടെണ്ടർ നടത്തുന്നതിന് യൂസർ ഐ ഡിയും പാസ് വേർഡും ഇല്ലാത്തതിനാലും പ്രവൃത്തി പെട്ടെന്ന്

പൂർത്തിയാക്കേണ്ടതിനാലുമാണ് സാധാരണ ടെണ്ടർ ക്ഷണിച്ചതെന്ന് സെക്രട്ടറി അറിയിച്ചു. ടെണ്ടർ ഫോറം വില നിശ്ചയിച്ചതും കുറഞ്ഞ നിരക്കിലാണ്(500+വാറ്റ്)കുറവു വന്ന തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

2. പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. പാർട്ടീഷൻ വാളുകളുടെ നിരക്ക് നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി റബ്കോയുടെ എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയ പ്രോജക്ടാണെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ ഡ്രോയിംഗും ഡിസൈനും ഡാറ്റയും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഡ്രോയിംഗ് പ്രകാരം പ്രവൃത്തി ചെയ്യാനാണ് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചതെങ്കിലും ഡ്രോയിംഗ് ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ക്വാട്ട് ചെയ്ത നിരക്കിനനുസരിച്ച പ്രവൃത്തയാണോ ചെയ്തതെന്ന് വ്യക്തമല്ല. വിവിധ ഡിസൈനുകളിലുള്ള പാർട്ടീഷനുകൾക്ക് ഒരേ നിരക്ക് നിശ്ചയിച്ചതും അപാകമാണ്.

3. മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

4. ഓഫീസിൽ ഉപയോഗിച്ചു വന്നിരുന്ന ഫർണ്ണിച്ചറുകൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല.

വ്യക്തമായ ആസൂത്രണം ഇല്ലാതെയും രൂപരേഖ തയ്യാറാക്കാതെയും പദ്ധതി നടപ്പാക്കിയതിനാലാണ് അപാകങ്ങൾ സംഭവിച്ചതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു

## 3-11 ആശ്രയ-അഗതിരഹിത കേരളം പദ്ധതി

ആശ്രയ ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായി മുൻവർഷങ്ങളിൽ ലഭിച്ച തുകയിൽ 123194 രൂപ നിലവിൽ കുടുബശ്രീ സി.ഡി.എസ്. അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശപ്രകാരമുള്ള (അനുബന്ധം 4) അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി പദ്ധതിരേഖ തയ്യാറാക്കി കുടുംബശ്രീ മിഷന്റെ അംഗീകാരത്തിന് സമർപ്പിച്ചതിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയിട്ടില്ലെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി . ആശ്രയപദ്ധതിക്ക് വേണ്ടി തുടങ്ങിയ വളപട്ടണം സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 8783 ൽ നിലവിലെ നീക്കിയിരിപ്പായ 123194 രൂപയിൽ 06-08-2010 ൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് വേണ്ടി ലഭിച്ച 200000 രൂപയും കമ്പ്യൂട്ടർ വാങ്ങി കഴിഞ്ഞതിന് ശേഷമുള്ള തുകയും പലിശ ഇനത്തിൽ ലഭിച്ച തുകയും ഉൾപ്പെടുന്നു. 2010 ൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് വേണ്ടി ലഭിച്ച തുക മുഴുവനായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ ബാക്കി വന്ന തുക എന്തു ചെയ്യണമെന്നതു സംബന്ധിച്ച് ഫണ്ടിംഗ് ഏജൻസിയിൽ നിന്നും വ്യക്തത വരുത്തേണ്ടതായിരുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന 123194 രൂപ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുവാൻ സാധിക്കുമോയെന്ന കാര്യം സർക്കാരിനോട്/കുടുംബശ്രീ സംസ്ഥാന മിഷനോട് ആരായേണ്ടതും, അനുമതി ലഭ്യമാകുന്ന പക്ഷം പ്രസ്തുത തുക അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫലപ്രദമായി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 കുടിവെള്ള കണക്ഷൻ-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ മുഴുവൻ പേർക്കും സമയബന്ധിതമായി കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടില്ല

2017-18 വർഷം ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിന് വേണ്ടി 4 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് ധനസഹായം നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്റ്റിന്റെ പേര് | ഗാർഹിക കുടിവെള്ള കണക്ഷൻ |
| പ്രോജക്റ്റ് നമ്പർ | 73/2018 |
| അടങ്കൽ | 16000 |
| ബിൽ നമ്പർ/തീയതി/തുക | 1/2017-18 തീയതി 18-07-2017/-8000<br>2./2017-18 തീയതി 31-10-2017/-8000 |

| ക്രമനം | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1 | സദാശിവൻ എം ടി | 4000 |
| 2 | പി രാജൻ | 4000 |
| 3 | പി ലക്ഷ്മി | 4000 |
| 4 | നാരായണൻ തോടോൻ | 4000 |

ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ 118 ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു.എന്നാൽ 2017-18 വർഷം വെറും 4 ഗുണഭോക്താക്കൾക്ക് മാത്രമാണ് വാട്ടർ കണക്ഷൻ നൽകിയിട്ടുള്ളത്. 2016-17 വർഷം സ്പില്ലോവർ പ്രൊജക്റ്റായ ഗാർഹിക കുടിവെള്ള കണക്ഷൻ നാളിതുവരെ എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്ന വിവരം

ലഭ്യമാക്കമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വളപട്ടണം ഗ്രാമപഞ്ചായത്ത് പോലെ കുടിവെള്ളം ദുർല്ലഭമായ സ്ഥലത്ത് ഇത്രയും ഗുണഭോക്താക്കൾ ഉണ്ടായിട്ടും ആയത് സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്തത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 3-13 പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |
| പ്രോജക്ടിന്റെ പേര് | പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജനം |
| പ്രോജക്ട് നമ്പർ | 74/2018 |
| അടങ്കൽ | 335000 |
| ബിൽ നമ്പർ/തീയതി/തുക | 6/2017-18 തീയതി 31-03-2018 /-48000<br>48000 |

9/284(3) തീയതി 07-11-2017 വീടുകളിലും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ മൃഗാശുപത്രി കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന ഷെഡിൽ ശേഖരിക്കാൻ തീരുമാനിക്കുകയും പ്ലാസ്റ്റിക്ക് മാലിന്യം നിർമ്മാർജ്ജനത്തിന്റെ ഭാഗമായി വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് ശേഖരണം നടത്തുന്നതിന് തൊഴിലാളികളായ സുബൈദ കെ പി, സക്കീന ടി എന്നിവർക്ക് 2017 നവംബർ മാസം മുതൽ ഫെബ്രുവരി മാസം വരെ 4 മാസത്തെ ഹോണറേറിയം 6000 രൂപ വെച്ച് ആകെ 48000 രൂപ നൽകിയിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പ്രോജക്ട് പ്രകാരം താഴെ കൊടുത്ത പ്രകാരം ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കാനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

| | |
|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 200000 |
| ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ ഒടുക്കേണ്ടത്) | 135000 |

| | |
|---|---|
| ആകെ | 335000 |

പദ്ധതിയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ.പ്രസ്തുത പദ്ധതിക്ക് വേണ്ടി ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2.പ്രോജക്ട് പ്രകാരം 2018 ഫെബ്രുവരിമാസം വരെ മാത്രമേ ചെലവ് ചെയ്തിട്ടുള്ളൂ. തുടർന്ന് മാലിന്യനിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി താല്ക്കാലികമായി പദ്ധതി നിന്നു പോയിട്ടുണ്ടെങ്കിലും പ്രത്യേക ഏജൻസിയെ വെച്ച് പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജന പദ്ധതി സാർഥകമായി നടപ്പിലാക്കുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-14 വിവിധ കാലയളവിൽ വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ കാലയളവുകളിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറിയിൽ നിന്നും മെമ്പർമാർക്ക് വിതരണം ചെയ്ത ചില പുസ്തകങ്ങൾ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല . ലഭിക്കാൻ ബാക്കിയുള്ള പുസ്തകങ്ങളുടെ വർഷം തിരിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പുസ്തകങ്ങൾ വിതരണം ചെയ്ത വർഷം | തിരികെ ലഭിക്കാനുള്ള പുസ്തകങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2015-16 വരെ | 75 |
| 2 | 2016-17 | 11 |
| 3 | 2017-18 | 23 |
| ആകെ | | 109 |

പ്രസ്തുത പുസ്തകങ്ങൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തിരികെ ലഭിക്കാത്ത പക്ഷം നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്.

ബി) പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നമ്പർ 88 ൽ 15-09-2004 ൽ നിലവിലെ ലൈബ്രറിയന് ചാർജ് കൈമാറുമ്പോൾ രജിസ്റ്ററിൽ ഉണ്ടായിരുന്ന പുസ്തകം 2759 എണ്ണവും അതേസമയം സ്റ്റോക്കിലുണ്ടായിരുന്ന പുസ്തകങ്ങളുടെ എണ്ണം 2737 എണ്ണവുമാണ്.22 പുസ്തകങ്ങളുടെ കുറവ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത പുസ്തകങ്ങൾ പിന്നീട് സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 3-15 സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്

വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പെൻഷൻ തരം | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയ്യതി | അപേക്ഷ തീർപ്പാക്കിയ തീയ്യതി | സർക്കാർ ഉത്തരവ് പ്രകാരം തീർപ്പാക്കേണ്ട കാലയളവ് |
|---|---|---|---|---|
| വിധവ പെൻഷൻ | സഫിയത്ത് ടി പി | 13-10-2017 | 15-02-2018 | സ.ഉ.105/2002 തസ്വഭവ തീ. 25.6.2002 – അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീർപ്പാക്കേണ്ടതാണ്. |
| വികലാംഗ പെൻഷൻ | ആയിഷ ആബിദലി | 12-02-2018 | 20-04-2018 | സ.ഉ.105/2002/തസ്വഭവ തീ. 25.6.2002 പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസ്സത്തിനകം തീർപ്പാക്കേണ്ടതാണ്. |

ലഭ്യമായ അപേക്ഷകൾ അന്വേഷണോദ്യോഗസ്ഥർക്ക് കൈമാറുന്നതിലും അന്വേഷണോദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിലുമുള്ള കാലതാമസമാണ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമാകുന്നത്. നിശ്ചിത സമയ പരിധിക്കകം തന്നെ അപേക്ഷകൾ തീർപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 0 | 100000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 2017-18 | 100000 | പെയിൻ&പാലിയേറ്റീവ് കെയർ പദ്ധതി | 99803 | 197 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർഅതോറിറ്റി | തങ്ങൾ വയൽ അംഗനവാടി കുടിവെള്ള കണക്ഷൻ | 21701117-28.03.18 | 6470 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 6470 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം,ഇൻവെസ്റ്റ്മെന്റ്

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 181155 രൂപ വരവുണ്ട് . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് | ഭാഗം , | ഈടാക്കിയ | ഒടുക്കിയ ആളുടെ | റസീറ്റ് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2013-14,14-15 | 2-1,2-2-2 | 45810 | വേണുഗോപാലൻ, ഹരികൃഷ്ണൻ | 117020500073/20.10.17 |
| 2015-16 | 2-1 | 129245 | മുഹമ്മദ് അഷ്റഫ് | 117020500024/20.10.17 |
| 2015-16 | 2-6 | 500 | കെ എസ് മുഹമ്മദലി | 117020102677/19.02.18 |
| 2016-17 | 2-6 | 50 | ശ്രുപേഷ് | 1170201102384/06.02.18 |
| | | 2000 | മൻസൂർ അഹമ്മദ് യു | 117020102591/15.02.18 |
| | | 1000 | ഇ എം ശശീന്ദ്രൻ | 117020102621/16.02.18 |
| | | 50 | തയ്യിൽ സുരേശൻ | 117020102644/17.02.18 |
| | | 1000 | സി പി ജാവിദ് | 117020102743/20.02.18 |
| | | 1000 | സി പി ജാവിദ് | 117020102744/20.02.18 |
| | | 250 | നാസ്സർ കെ പി | 117020102753/21.02.18 |
| | | 200 | ഉവൈസുൽ കർണ്ണി | 117020102814/21.02.18 |
| | | 50 | എ പി ശാദുലി | 117020102992/27.02.18 |
| | ആകെ | 181155 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 3-8(2) | 2009-10 | ആധുനീക അറവുശാല24.91 | പ്രവർത്തനക്ഷമമായിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | ലക്ഷം രൂപ പാഴായി | |
| 2008-09 | 03/02/17 | 2011-12 | നിക്ഷേപപ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | പഞ്ചായത്ത് നിക്ഷേപിച്ച 260000/- രൂപയിൽ 33339/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുകയായ 226661/- രൂപ 4-4-15 തീയതിയിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും അനർട്ട് അറിയിച്ചിട്ടുണ്ട്. |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം(റസീറ്റ്&പേമെന്റ് പത്രിക പ്രകാരം)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,24,36,461 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,17,68,544 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 43548 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 22000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 17752 | ശ്രീമതി നവ്യ വേണുഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 25090 | ,, |

| | | | |
|---|---|---|---|
| 3-6 | | 706 | „ |
| | ആകെ | 43548രൂപ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 22000 | ശ്രീ സതീഷ് കുമാർ ഡി, കൃഷി ഓഫീസർ |
| | 22000രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി നവ്യ വേണുഗോപാൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ വളപട്ടണം ഗ്രാമപഞ്ചായത്ത് | എൻവീസ്, കൊളച്ചേരി(പി ഒ) കണ്ണൂർ |
| ശ്രീ സതീഷ് കുമാർ ഡി,കൃഷി ഓഫീസർ | കൃഷി ഓഫീസർ ചടയമംഗലം കൃഷിഭവൻ | ആനക്കുളത്ത് പുത്തൻവീട്, (പിഒ) |

| | | |
|---|---|---|
| | | ആനക്കുളം,കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSA/KNR/C5-594/2018 തീയതി 27.03.18 | 5 |
| 1999-00 | KSA/KNR/C5-594/2018 തീയതി 27.03.18 | 4 |
| 2003-04 | KSA/KNR/C5-594/2018 തീയതി 27.03.18 | 7 |
| 2004-05 | KSA/KNR/C5-594/2018 തീയതി 27.03.18 | 6 |
| 2005-06 | KSA/KNR/C5-594/2018 തീയതി 27.03.18 | 4 |
| 2006-07 | KSA/KNR/C5-594/2018 തീയതി 27.03.18 | 14 |
| 2007-08 | KSA/KNR/C5-594/2018 തീയതി 27.03.18 | 6 |
| 2008-09 | KSA/KNR/C5-594/2018 തീയതി 27.03.18 | 7 |
| 2009-10,10-11,11-12 | KSA/KNR/C5-594/2018 തീയതി 27.03.18 | 11 |
| 2012-13 | KSA/KNR/C5-594/2018 തീയതി 27.03.18 | 6 |
| 2013-14, 14-15 | KSA/KNR/C5-594/2018 തീയതി 27.03.18 | 14 |
| 2015-16 | KSA/KNR/C5-9/2018 തീയതി 02.03.18 | 11 |
| 2016-17 | KSA/KNR/C5-632/2018 തീയതി18.05.18 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.5/195/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 06.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1

# Valapattanam Grama Panchayat RECEIPT & PAYMENT STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 9797072.00 |
| Cash | Cash | RP-40(a) | 55707.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1835535.00 |
| 130000000 | Rental income from Panchayat Properties | RP-3 | 15500.00 |
| 140000000 | Fees & User Charges | RP-4 | 211651.00 |
| 150000000 | Sale & Hire Charges | RP-5 | 5905950.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 12890930.00 |
| 171000000 | Interest Earned | RP-9 | 161365.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 932929.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 36635787.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 212817.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 14275.00 |
| 311000000 | Earmarked Funds | RP-29 | 19587.00 |
| 340000000 | Deposits Received | RP-34 | 657432.00 |
| 350000000 | Other Liabilities | RP-36 | 129346.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2810357.00 |
| 460000000 | Loans, Advances and Deposits | RP-47 | 3000.00 |
| | Grand total | | 72289240.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3284726.00 |
| 220000000 | Administrative Expenses | RP-12 | 1032880.00 |
| 230000000 | Operations & Maintenance | RP-13 | 1231971.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 911631.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 2916699.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1035496.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 173953.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 33600.00 |
| 255000000 | Maintenance Projects | RP-20 | 3193998.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24000.00 |
| 280000000 | Prior Period item | RP-26 | -189436.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 85947.00 |
| 350000000 | Other Liabilities | RP-36 | 41881580.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3123.00 |
| 280000000 | Prior Period Item | RP-26 | -21800.00 |
| 340000000 | Deposits Received | RP-34 | 209121.00 |
| 350000000 | Other Liabilities | RP-36 | 2086394.00 |
| 410000000 | Fixed Assets | RP-38 | 1635252.00 |
| 412000000 | Capital work in Progress | RP-40 | 1351297.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 694112.00 |
| 460000000 | Loans, Advances and Deposits | RP-47 | 194000.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 10491514.00 |
| Cash | Cash | RP-40(b) | 29182.00 |
| | Grand Total | 72289240.00 | |

## അനുബന്ധം-2-2

# Valapattanam Grama Panchayat INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4376322.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 391868.00 |
| 140000000 | Fee & User Charges | I-4(b) | 333150.00 |
| 150000000 | Sale & Hire Charges | I-5(b) | 5837750.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 18386657.00 |
| 171000000 | Interest Earned | I-8 | 161365.00 |
| 180000000 | Other Income | I-9 | 14275.00 |
| | Total Income | | 29501387.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10978024.00 |
| 220000000 | Administrative Expenses | I-11(b) | 1032880.00 |
| 230000000 | Operations & Maintenance | I-12(b) | 1231971.00 |
| 240000000 | Interest & Finance Charges | I-13 | 3123.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 1688862.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 2194968.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1035496.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 173953.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 4099600.00 |
| 255000000 | Maintenance Projects | I-14(e) | 3193998.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24000.00 |
| 272000000 | Depreciation | I-17(a) | 1175418.00 |
| | Total Expenditure | | 26832293.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 2669094.00 |
| 280000000 | Prior Period Item | I-18 | 1136849.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1532245.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

# Valapattanam Grama Panchayat BALANCE SHEET As on 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 7190167.47 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 47314.00 |
| 312000000 | Reserves | B-3 | 15320164.00 |
| | Total Reserve & Surplus | | 22557645.47 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 541686.00 |
| | Total Grants, Contributions for Specific Purposes | | 541686.00 |
| | Loans | | |
| | Current Liabilities & Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 969122.07 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1270044.96 |
| | Total Current Liabilities and Provisions | | 2239167.03 |
| | TOTAL LIABILITIES | | 25338498.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 18698879.00 |
| 411000000 | Accumulated Depreciation | B-11 | -4788755.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 13910124.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 714568.50 |
| 450000000 | Cash and Bank Balance | B-17 | 10520696.00 |
| 460000000 | Loand, Advances and Deposits | B-18 | 193110.00 |
| | Total Current Assets, Loans and Advances | | 11428374.50 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 25338498.50 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.